

# കേരളീയ ക്ഷേത്രോത്സവങ്ങളുടെ സാംസ്കാരിക പൈതൃകം

ഉണ്ണി ആവട്ടി, (ഡോ. ടി. വി. ഉണ്ണികൃഷ്ണൻ)

## ആമുഖം

ഭാരതീയ സംസ്കാരത്തിന്റെ നിറദീപങ്ങളായ കലകളുടെ കേദാരങ്ങളാണ് ക്ഷേത്രങ്ങൾ. വേറൊരർത്ഥത്തിൽ പറഞ്ഞാൽ കലകളുടെ സംരക്ഷകരാണ് ക്ഷേത്രങ്ങൾ എന്നും പറയാം. ഭാരതീയമായ കലകളും സാഹിത്യവും ശാസ്ത്രങ്ങളും നീതിയും ഭരണകൂടങ്ങളും ഒപ്പം ജനജീവിതത്തിന്റെ വൈകാരിക വൈചാരികാംശങ്ങൾ മുഴുവനും ഉൾക്കൊള്ളുന്നതാണ് ഭാരതീയ സംസ്കാരം. ആ സംസ്കാരത്തിന്റെ കേന്ദ്രബിന്ദുവായി പറയേണ്ടത് ക്ഷേത്രങ്ങളെത്തന്നെയാണ്.

മനുഷ്യരാശിക്ക് പ്രാപിക്കുവാൻ കഴിയുന്നതിന്റെ പരമകാഷ്ഠ ഈശ്വരപദവിയത്രേ. അങ്ങനെ ഈശ്വരപദപ്രാപ്തിക്ക് അഥവാ മോക്ഷത്തിന് വേണ്ടിയുള്ള പ്രയാണത്തെയാണ്, ഇവിടുത്തെ ജനജീവിതം ഒരു കേന്ദ്രബിന്ദുവായി അനാദികാലംമുതൽ അംഗീകരിച്ചുവന്നിരുന്നത്. മറ്റൊരു വിധത്തിൽ ആദ്ധ്യാത്മികമായ പ്രയാണം എന്നും അതിനെ പറയാവുന്നതാണ്. വൈദികഭാഷയിൽ ഈ പ്രയാണത്തെ യജ്ഞമെന്നും താന്ത്രികഭാഷയിൽ ഉപാസനയെന്നും പറയാം.

ചുരുക്കത്തിൽ സാധനാ പ്രധാനമായൊരു ജീവിതമാണ് ഭാരതീയ ജനജീവിതത്തിന്റെ കേന്ദ്രബിന്ദു. ഇതിനെ ചുറ്റിപ്പറ്റിയാണ് ഭൗതികമായ ഉൽക്കർഷത്തിന്റെയും ആനന്ദോല്ലാസത്തിന്റേതുമായ മാർഗ്ഗങ്ങൾ ഇവിടെ ഉരുത്തിരിഞ്ഞു വന്നതും. ശാസ്ത്രീയമായ ഉപാസനാ മാർഗ്ഗങ്ങൾ പണ്ടുകാലത്ത് സർവ്വസാധാരണമായിരുന്നു. എന്നാൽ യുഗപരിവർത്തനത്തിലൂടെ മനുഷ്യന്റെ കഴിവുകൾ കുറഞ്ഞുതുടങ്ങിയപ്പോൾ സാമാന്യജനങ്ങൾക്കുള്ള ഏക ഉപാസനാ മാർഗ്ഗം "ക്ഷേത്രദർശനവും" അതിന്റെ ഉപകരണം ക്ഷേത്രവും ആയിത്തീർന്നു. അപ്പോൾ ഇവിടുത്തെ സാമാന്യകലകൾ മാത്രമല്ല, സംസ്കാരവും സാമാന്യ ജനജീവിതവും ക്ഷേത്രങ്ങൾക്കു ചുറ്റുമായി പടർന്നുപന്തലിച്ചു. ഒരോ ഗ്രാമത്തിലും ക്ഷേത്രങ്ങൾ ഉണ്ടാവുകയും അതിന്റെ ചുറ്റും നാട്ടുകൂട്ടവും പഞ്ചായത്തും രൂപീകൃതമാവുകയും ജനങ്ങൾ മുഴുവൻ ഈ സ്ഥിരമായ ആദ്ധ്യാത്മിക കേന്ദ്രങ്ങൾക്കു ചുറ്റുമായി സംഘടിക്കുകയും ചെയ്തു.

അനാദിയായകാലം മുതല്ക്കേ ഭാരതത്തിൽ ക്ഷേത്രങ്ങൾ നിലനിന്നിരുന്നുവെന്ന് പുരാണങ്ങളിൽ നിന്നും വ്യക്തമാണ്. ശ്രീരാമന്റെ രാമേശ്വര പ്രതിഷ്ഠയും, രുക്മിണീ സ്വയംവര സന്ദർഭത്തിലെ ക്ഷേത്രദർശനവും ഇതുതന്നെ സൂചിപ്പിക്കുന്നു. വ്യക്തിജീവിതത്തിലും സമൂഹജീവിതത്തിലും ക്ഷേത്രങ്ങളുടെ പങ്ക് വളരെ വലുതാണ്. സ്വസംസ്കാരത്തെ നിലനിർത്തി വളർത്തിക്കൊണ്ടുവരുന്ന ആത്മീയ സാമൂഹിക ഇടങ്ങളാണവ. അതോടൊപ്പം യോഗശാസ്ത്രപരവും വൈദികവും താന്ത്രികവുമായ ക്രിയകൾ വളരെ സമഞ്ജസമായി സമ്മേളിക്കുന്ന ഒരു ആത്മീയപദ്ധതി കൂടിയാണ് ക്ഷേത്രദർശനം.

മാനവ ദേഹക്ഷേത്രത്തിന്റെ മനോഹരമായ ഒരു പ്രതികൃതിയാണ് ഭാരതീയ ദേവാലയങ്ങൾ. മനുഷ്യന്റെ ആത്മീയമായ ഉന്നതിക്കായി നിലനിൽക്കുന്ന വിവിധങ്ങളായ ഉപാസനാമാർഗ്ഗങ്ങളിൽ പരമ പ്രധാനമാണ് ക്ഷേത്രാരാധനാ സമ്പ്രദായം. ക്ഷേത്രങ്ങളുടെ കാവൽക്കാരായിരുന്ന പല രാജവംശങ്ങളും രാജധാനികളും തകർന്നു തരിപ്പണമായി, ഉയിർത്തെഴുന്നേൽപ്പില്ലാതെ ചരിത്രാവശിഷ്ടങ്ങളായി മാറി. പക്ഷേ, ഹിന്ദുക്ഷേത്രങ്ങൾ പലതും നിലംപരിശായിട്ടും വീണ്ടും ഉയിർത്തെഴുന്നേൽക്കപ്പെട്ടു. അത് വീണ്ടും ആകാശംമുട്ടെ വളർന്നുവന്നു. അങ്ങനെ ഭാരതീയകലകളുടെ പൗരാണികമെങ്കിലും നിത്യനൂതന സ്രോതസ്സുകളായി ഇന്നും ക്ഷേത്രങ്ങൾ വിരാജിക്കുന്നു.

## കേരളവും ക്ഷേത്രങ്ങളും

കേരളം ഇന്ത്യയിലെ ഒരു പ്രധാന ആത്മീയഭവനമാണ്. കേരളത്തിന്റെ ആത്മീയബോധം വിശ്വാസത്തിനും മതപരമായ വേർതിരുവുകൾക്കും അതീതമാണ്. ഒരു സമൂഹം മറ്റൊരു സമൂഹത്തിന് മനസ്സോടെ ഇടംനൽകിയ സംസ്ഥാനമാണിത്. ഇവിടെയുള്ള ക്രിസ്ത്യൻ മുസ്ലീം സമൂഹവും ഇന്ത്യയിൽ മാത്രമല്ല, ലോകത്തെവിടെയും ഏറ്റവും പഴക്കമുള്ള ഒന്നാണ്. കേരളത്തിലെ മിക്കവാറും എല്ലാവരും ആത്മീയ ജീവിതരീതിയിൽ ഉറച്ചുനിൽക്കുകയും ചെയ്യുന്നു. അവർക്ക് ദൈവത്തിൽ ഉയർന്ന വിശ്വാസമുണ്ട്. ഭൂരിഭാഗം ആളുകളും ഹിന്ദുമതാനുയായികൾ ആയതിനാൽ, കേരളത്തിൽ പ്രശസ്തമായ നിരവധി ഹിന്ദുക്ഷേത്രങ്ങളുണ്ട്. ആശ്രമങ്ങൾ, പള്ളികൾ, മോസ്ക്കുകൾ, ജൈനക്ഷേത്രങ്ങൾ, ബുദ്ധവിഹാരങ്ങൾ തുടങ്ങി നിരവധി തീർത്ഥാടന കേന്ദ്രങ്ങളും മതസ്ഥാപനങ്ങളും സംസ്ഥാനത്തുടനീളം വ്യാപിച്ചുകിടക്കുന്നു.

പാരമ്പര്യങ്ങളുടെയും അതിമനോഹരമായ ഭൂപ്രകൃതികളുടെയും സമ്പന്നമായ കലാരൂപങ്ങളുടെയും നാടാണ് കേരളം. ഉത്സവങ്ങൾ, കല, സംഗീതം, നൃത്തം, ആയുർവ്വേദം മതപരമായ വൈവിധ്യം എന്നിവയിലൂടെ സമ്പന്നമായ കേരളത്തിന്റെ സാംസ്കാരിക പൈതൃകവും വളരെ പ്രശസ്തമാണ്.

## ക്ഷേത്രങ്ങളുടെ ആത്മീയ പ്രാധാന്യം

ക്ഷേത്രങ്ങളെ ശാസ്ത്രരീതിയിൽ പരിശോധിച്ചാൽ അവ കേവലം ആരാധനയ്ക്കായുള്ള കെട്ടിടങ്ങൾ മാത്രമല്ല, മറിച്ച് പ്രപഞ്ചശരീരത്തിന്റെയും വ്യഷ്ടിശരീരത്തിന്റെയും പ്രത്യക്ഷ മാതൃകാരൂപങ്ങൾ തന്നെയാണെന്നു മനസ്സിലാകും. 'ദേഹോ ദേവാലയഃ ജീവോ ദേവ സദാശിവഃ' എന്ന തന്ത്രശാസ്ത്ര പ്രയോഗവും ഇതിനെ സൂചിപ്പിക്കുന്നു. കേവലം സ്ഥൂലശരീരത്തിന്റെ മാത്രമല്ല, സൂക്ഷ്മശരീരത്തിന്റെയും പ്രതീകമാണ് ക്ഷേത്രങ്ങൾ.

സാധാരണപൂജകളിൽ ദേവനെ ആവാഹിക്കുന്ന മന്ത്രങ്ങൾ ഈ സങ്കല്പത്തിലുള്ളവയാണ്. ഷഡാധാര കല്പന

സൂക്ഷ്മശരീരത്തിന്റെ ആധാര പദ്മങ്ങളെയാണ് സൂചിപ്പിക്കുന്നത്. ആധാരശിലയാകുന്ന മൂലാധാര സ്വാധിഷ്ഠാനചക്രം. മണിപൂരകമാകുന്ന നിധികുംഭം. അനാഹതചക്രമാകുന്ന പദ്മം, കൂർമം, വിശുദ്ധിചക്ര സങ്കൽപത്തിലുള്ള യോഗനാളം. അതിനുപരിയായിട്ടുള്ള നപുംസകശില, പരബ്രഹ്മചൈതന്യത്തിന്റെ പ്രതീകമായ ആജ്ഞാചക്ര സങ്കല്പത്തിലുള്ളതാണ്. തദുപരിയായ ബിംബപ്രതിഷ്ഠ സഹസ്രാര പദ്മവുമാകുന്നു.

## ക്ഷേത്രങ്ങളും ഉത്സവങ്ങളും

പാരമ്പര്യവും സാംസ്കാരിക പൈതൃകവും നിറഞ്ഞ നാടായ കേരളം, സാമുദായിക ജീവിതത്തിന്റെ തനിപ്പകർപ്പായ എണ്ണമറ്റ ഒട്ടനവധി ഉത്സവങ്ങളുടെയും മേളകളുടെയും നാടുകൂടിയാണ്. സാധാരണ ക്ഷേത്രങ്ങളിലെയും അമ്പലങ്ങളിലെയും കോവിലുകളിലെയും കൂടാതെ, തറവാട്ടു–കടുംബക്ഷേത്രങ്ങൾ, നാഗപ്രതിഷ്ഠകൾ, പ്രകൃതിയുടെ ദേവതാ സങ്കല്പങ്ങളായ കാവുകൾ, നാഗ തെയ്യക്കാവുകൾ എന്നിവിടങ്ങളിലെ ആചാരാനുഷ്ഠാനങ്ങൾ, ഉത്സവങ്ങൾ തെയ്യങ്ങൾ, കളിയാട്ടങ്ങൾ, പെരുങ്കളിയാട്ടങ്ങൾ, മറ്റു വിവിധതരം ആഘോഷങ്ങൾ എന്നിവയുടെയൊക്കെ ഭാഗമായി വ്യത്യസ്തയാർന്ന പാരമ്പര്യത്തനിമയാർന്ന ഒട്ടനവധി കലാപരിപാടികളും പ്രാദേശികമായി അവതരിപ്പിക്കാറുണ്ട്. കേരളത്തിന്റെ പലവിധത്തിലുള്ള – ആദിവാസി, ഗോത്ര, നാടോടി, ക്ലാസിക്കൽ, ആധുനിക – നൃത്തരൂപങ്ങൾ എല്ലാം ഇങ്ങനെ രൂപപ്പെട്ടതാണ്. അങ്ങനെ സംസ്കാരവും പാരമ്പര്യവും സമ്മേളനം ചെയ്യുന്ന സിരാകേന്ദ്രങ്ങളാണ് കേരളത്തിലെ ചെറുതും വലുതുമയ ക്ഷേത്രങ്ങളും അവിടെ നടക്കുന്ന ഉത്സവങ്ങളും മേളകളും ആഘോഷങ്ങളും. സാംസ്കാരികമായി, ഇന്ത്യയിൽ മറ്റൊരിടത്തും കാണാത്ത മത്സരമാണ് ഇക്കാര്യത്തിൽ കേരളം കാഴ്ച വെക്കുന്നത്.

ഇത്തരം ആഘോഷങ്ങളിൽ ഏറ്റവും പ്രധാനം ക്ഷേത്രങ്ങളിൽ വർഷത്തിൽ ഒരു തവണയോ അല്ലെങ്കിൽ മലയാളമാസത്തിലെ ചില പ്രത്യേക നക്ഷത്രങ്ങളിലോ തീയ്യതികളിലോ നടത്തുന്ന ക്ഷേത്രോത്സവങ്ങൾ തന്നെയാണ്. കേരളത്തിലെ ക്ഷേത്രോത്സവങ്ങൾ വ്യത്യസ്ത വിശ്വാസങ്ങളുടെ സഹവർത്തിത്വത്തിന്റെകൂടെ തെളിവാണ്. ഒപ്പം ഭാഷാ, കല, സംഗീതം, സാഹിത്യം, മേളകൾ, നൃത്തം, വാദ്യം, നാടോടിക്കഥകൾ. പുരവാസ്തുഗവേഷണം, സമൂഹജീവിതം, ആചാരങ്ങൾ, അനുഷ്ഠാനങ്ങൾ, ഭക്ഷണശീലങ്ങൾ തുടങ്ങി അനാദികാലം മുതൽക്കുള്ള കേരളത്തിന്റെ ഒട്ടുമിക്ക പരമ്പരാഗത സാംസ്കാരിക പൈതൃകങ്ങളെയും പൗരാണികതകളെയും പരസ്പര പൂരകങ്ങളാക്കി സമന്വയിപ്പിച്ചുകൊണ്ടുമാണ് കേരളത്തിലെ ക്ഷേത്രോത്സവങ്ങളെല്ലാം രൂപകല്പന ചെയ്യപ്പെട്ടിട്ടുള്ളത്. ഉത്സവങ്ങളിലുള്ള ക്ഷേത്രകലകളുടെ സമൃദ്ധിയും അവയുടെ സാംസ്കാരിക പൈതൃകവും കാരണം കേരളം കലാരൂപങ്ങൾക്കും പ്രസിദ്ധമായി. വർണ്ണാഭമായ സംസ്കാരത്തിന്റെയും ക്ലാസിക്കൽ കലാരൂപങ്ങളുടെയും ഒപ്പം അത്തരം വൈവിധ്യമാർന്ന കലാരൂപങ്ങൾ സംസ്ഥാനത്തിന് സംഭാവനചെയ്ത അതുല്യമായ സമൂഹങ്ങളുടെ ആവാസകേന്ദ്രമായും കേരളം മാറി. ഈ സമുഹങ്ങൾ ഇന്നും ഈ തനത് കലാരൂപങ്ങൾ അവതരിപ്പിക്കുന്നു. വ്യത്യസ്ത മതവിഭാഗത്തിലുള്ളവർ അവരുടെ പാരമ്പര്യങ്ങളെ അനുസ്മരിക്കാൻ ഒത്തുചേരുന്ന ക്ഷേത്രോത്സവങ്ങൾ സംസ്ഥാനത്തിന്റെ മതപരമായ വൈവിധ്യത്തെയും കോർത്തിണക്കുന്നു.

## ക്ഷേത്രോത്സവങ്ങളും സാംസ്കാരിക പ്രവർത്തനങ്ങളും

ജീവിതയാത്രകളുടെ ദൈർഘ്യം കൂടിക്കൂടി വന്നപ്പോൾ ദിവസേനയുള്ള ക്ഷേത്രദർശനങ്ങൾ പലർക്കും അപ്രാപ്യമാവുകയും ചില വിശേഷദിവസങ്ങളിൽ മാത്രമായുള്ള ക്ഷേത്രദർശനങ്ങൾക്ക് കൂടുതൽ പ്രസക്തിയേറുകയും ചെയ്തു. ജനസംഖ്യയോടൊപ്പം ജനദുരിതങ്ങളും തിരക്കുകളും ഒന്നുകൂടെ വർദ്ധിച്ചപ്പോൾ അത്തരം വിശേഷദിവസങ്ങളിലെ ക്ഷേത്രദർശനങ്ങൾപോലും നടത്താൻ പലർക്കും പ്രയാസമായിത്തുടങ്ങി. അങ്ങനെയാണ് കൂടുതൽ ആളുകൾക്ക് വല്ലപ്പോഴുമെങ്കിലും ഒരേസമയം ഒരുമിച്ചൊത്തുകൂടാനുള്ള ഒരു വേദിയെന്ന പ്രാധാന്യംകൂടെ ക്ഷേത്രോത്സവങ്ങൾക്ക് ലഭിച്ചത്.

കാലക്രമേണ കൂടുതൽ ജനങ്ങളെ ആകർഷിക്കാനുള്ള ഒരു ഉപമാർഗ്ഗമെന്ന നിലയിൽ പരമ്പരാഗത ഉത്സവങ്ങളുടെകൂടെ ഒരു അവിഭാജ്യ ഘടകമായി സാംസ്കാരിക പ്രവർത്തനങ്ങളും കലകളും കടന്നുവരാൻ തടങ്ങി. അങ്ങനെ പതുക്കെ പതുക്കെ ഉത്സവങ്ങളിലൂടെ ക്ഷേത്രങ്ങൾ സാസ്കാരികകേന്ദ്രങ്ങൾ കൂടിയായി മാറുകയും അതാതിടങ്ങളിൽ പ്രാദേശികമായി പ്രചൂരപ്രചാരം നേടിയിരുന്ന പല സംസ്കാരങ്ങളെയും കലകളെയും വെളിച്ചത്തേക്കും അരങ്ങത്തേക്കും ഉയരങ്ങളിലേക്കും കൊണ്ടുവരാനുള്ള ഒരു വേദിയായി മാറുകയുംചെയ്തു.

ക്ഷേത്രോത്സവങ്ങളിലുടെ പ്രചുരപ്രചാരം നേടിയ കേരളത്തിലെ ചില പരമ്പരാഗത കലാരൂപങ്ങൾ: തിര, പൂതൻ, തീയാട്ടം തോൽപാവക്കൂത്ത്, ഓട്ടംതുള്ളൽ, കഥകളി, മോഹിനിയാട്ടം ചാക്യാർ കൂത്ത്, നങ്ങ്യാർ കൂത്ത് തുടങ്ങിയവയാണ് പ്രധാനപ്പെട്ടവ.

കഥകളി: എറ്റവും പ്രസിദ്ധമായ കേരളീയ കലാരൂപങ്ങളി ലൊന്നാണ് കഥകളി, കഥകളി കേരളത്തിലെ മാത്രമല്ല, ഇന്ത്യയിലെതന്നെ ഏറ്റവും മികച്ച ക്ലാസിക്കൽ നൃത്തരൂപമായും മികച്ച പരമ്പരാഗത കലാരൂപ ങ്ങളിലൊന്നായും കണക്കാക്കപ്പെടുന്നു. കഥകളിയുടെ ഉത്ഭവംതന്നെ കേരളത്തിൽ നിന്നാണ്. പിന്നീട് ഇത് പരമ്പരാഗത ഹിന്ദുപ്രകടന കലയായി വികസിച്ചു.

മോഹിനിയാട്ടം: കൂടുതലായും സ്ത്രീകൾ അവതരിപ്പിക്കുന്ന, കേരളത്തിലെ ഏറ്റവും മനോഹരവും അനുഷ്ഠാനവുമായ കലാരൂപങ്ങളിൽപെട്ട ഒരു നൃത്തമാണ്. വിപുലമായ പരിശീലനത്തിലൂടെ മാത്രമേ മോഹിനിയാട്ടം അവതരിപ്പിക്കാനാകു. ഹിന്ദു ദൈവമായ വിഷ്ണുവിന്റെ സ്ത്രീ അവതാരത്തിൽ നിന്നാണ് ഈ പേര് ഉത്ഭവിച്ചത്

തെയ്യം: കേരളത്തിലെ ഉത്തര മലബാറിലെ ഏറ്റവും മികച്ച അനുഷ്ഠാന കലാരൂപങ്ങളിൽ ഒന്നാണ് തെയ്യം. സധാരണയായി ഗ്രാമത്തിലെ ദേവാലയത്തിലാണ് ഈ കലാരൂപം അവതരിപ്പിക്കുന്നത്.

തുള്ളൽ: കേരളത്തിലെ ഏറ്റവും ഊർജ്ജസ്വലവും വർണ്ണാഭമായതുമായ പരമ്പരാഗത കലാരൂപങ്ങളിൽ ഒന്നാണ് തുള്ളൽ. തുള്ളലിന് സർപ്പംതുള്ളൽ, കോലംതുള്ളൽ, ഓട്ടൻ തുള്ളൽ എന്നിങ്ങനെ ചില വകഭേദങ്ങൾ ഉണ്ട്.

പടയണി: കേരളത്തിലെ ആചാരപരമായ അനുഷ്ഠാന കലാരൂപങ്ങളിൽ ഒന്നാണ് പടയണി. പ്രധാനമായും ഭഗവതി ക്ഷേത്രങ്ങളിൽ പ്രദർശിപ്പിക്കുന്ന ഒരു പരമ്പരാഗത കലയാണിത്. തെയ്യവും പടയണിയും സമാനതകളുള്ള രണ്ട് പ്രധാന ആചാരനൃത്തങ്ങളാണ്.

ഉത്സവങ്ങളുമായി ബന്ധപ്പെട്ട കേരളത്തിലെ ആചാരപരമായ മറ്റു ചില കലാരൂപങ്ങൾ :

പുലിക്കളി: കേരളത്തിലെ ദേശീയോത്സവമായ ഓണാഘോഷത്തിന്റെ ഭാഗമായാണ് സാധാരണയായി പുലിക്കളി അവതരിപ്പിക്കാറുള്ളത്. കേരളത്തിലെ ഏറ്റവും മികച്ച പരമ്പരാഗത കലാരൂപങ്ങളിലൊന്നായ ഇത് കേരളത്തിലെ തൃശൂർ ജില്ലയിലാണ് കൂടുതലായി പ്രചാരത്തിലുള്ളത്.

ഓണപ്പൊട്ടൻ: ഓണക്കാലത്ത് പ്രധാനമായും വടക്കേ മലബാറിൽ അവതരിപ്പിക്കുന്ന അനുഷ്ഠാന കലാരൂപമാണ് ഓണപ്പൊട്ടൻ. കിരീടവും ചായം പൂശിയ മുഖവുമുള്ള ഒരു നാടോടി കഥാപാത്രമായാണ്, ഓണപ്പൊട്ടൻ രംഗത്തുവരുന്നത്.

തിറയാട്ടം: കണ്ണൂർ, മലപ്പുറം, കോഴിക്കോട് ജില്ലകളുടെ തെക്കൻ മേഖലകളിൽ ജനപ്രിയമായ കലാരൂപമാണ് തിറയാട്ടം. ചെറുമർ, പാണൻ, പെരുമണ്ണൻ എന്നീ മൂന്നു സമുദായങ്ങളാണ് ഇത് അവതരിപ്പിക്കുന്നത്.

കൂടിയാട്ടം: കേരളത്തിലെ പ്രശസ്തമായ നാടക കലാരൂപങ്ങളിലൊന്നാണ് കൂടിയാട്ടം. മാനവികതയുടെ അദൃശ്യവും വാക്കാലുള്ളതുമായ മികച്ച പൈതൃകമായി യുനെസ്കോ അംഗീകരിച്ച കലാരൂപമാണ് കൂടിയാട്ടം. പരമ്പരാഗത ശൈലിയിൽ കേരളത്തിലെ ക്ഷേത്രോത്സവങ്ങളിൽ വാദ്യോപകരണങ്ങൾ ഉപയോഗിച്ചാണ് കൂടിയാട്ടം അവതരിപ്പിക്കുന്നത്.

കുമ്മാട്ടിക്കളി: മുഖംമൂടി നൃത്തമായി അറിയപ്പെടുന്ന കുമ്മാട്ടി, വളരെ വർണ്ണാഭമായതാണ്. ഈ നൃത്തരൂപം ഓണക്കാലത്ത്, പ്രധാനമായും കേരളത്തിലെ പാലക്കാട്, തൃശൂർ ജില്ലകളിലാണ് അവതരിപ്പിക്കാറുള്ളത്. കുമ്മാട്ടിക്കളി അവതരിപ്പിക്കുമ്പോൾ, നർത്തകർ പുല്ല് കൊണ്ട് സ്വയം മൂടി, നൃത്ത പ്രകടനങ്ങളിലൂടെ രാമായണ കഥകൾ പ്രദർശിപ്പിക്കുന്നു.

കളരിപ്പയറ്റ്: കേരളത്തിന്റെ ആയോധന കലാരൂപങ്ങളിൽ ഒന്നാണ് കളരിപ്പയറ്റ്, കേരളത്തിന്റെ മധ്യഭാഗത്തും വടക്കൻ ഭാഗത്തും ക്ഷേത്രോത്സവങ്ങളുടെ ഭാഗമായും കളരിപ്പയറ്റ് നടത്തുന്നു. നൂറ്റാണ്ടുകളായി നിലനിൽക്കുന്ന ഏറ്റവും പഴക്കമുള്ള പോരാട്ട സമ്പ്രദായങ്ങളിലൊന്നായ കളരിപ്പയറ്റിലെ പ്രതിരോധവും അക്രമണവും മനോഹരവും ജനപ്രിയവുമാണ്.

ചാക്യാർകൂത്ത്: കേരളത്തിലെ ഏറ്റവും പഴയ, മനോഹരമായ അവതരണ കഥാ രൂപമാണ് ചാക്യാർകൂത്ത്. ചാക്യാർ സമുദായമാണ് ഈ ക്ലാസിക്കൽ കലാരൂപം അവതരിപ്പിക്കുന്നത്.

## കേരളത്തിലെ പ്രാദേശിക ക്ഷേത്രോത്സവങ്ങളുടെ പ്രാധാന്യം.

ഉത്സവങ്ങൾ അടിസ്ഥാനപരമായി ഒരു ദേശത്തിന്റെ പ്രാദേശിക ദേവതക്ക് സമർപ്പിച്ചിരിക്കുന്ന പ്രാദേശിക ആഘോഷങ്ങളാണ്. ചുറ്റുമുള്ള ഗ്രാമങ്ങളിലെ നിരവധി ചെറിയക്ഷേത്രങ്ങളുടെ സൗഹൃദ മത്സരം ഓരോ ഉത്സവത്തെയും വർഷം തോറും ഒരു സുപ്രധാന സംഭവമാക്കി മാറ്റുന്നു. പാലക്കാട്, തൃശൂർ ജില്ലകളിലാണ് വേല, പൂരം തുടങ്ങിയ ആഘോഷങ്ങൾ വിപുലമായി ആഘോഷിക്കുന്നത്.

കേരളത്തിലെ ഈ ക്ഷേത്രോത്സവങ്ങൾ സാധാരണയായി പ്രധാന ക്ഷേത്രത്തിന് പുറത്ത് വിളവെടുപ്പ് കാലത്തിനുശേഷം ഒരു വലിയ മൈതാനത്തോ ഒഴിഞ്ഞ നെൽപ്പാടങ്ങളിലോ നടത്തപ്പെടുന്നു. അവിടെ ധാരാളം ആനകൾ ഉത്സവ ആവേശത്തിൽ മുഴുകിയിരിക്കുന്ന ആളുകളുടെ മഹാസമുദ്രത്തിനിടയിൽ അണിനിരക്കുന്നു. കേരളത്തിൽ എണ്ണമറ്റ അതുല്യമായ ഒരുപാട് ക്ഷേത്രോത്സവങ്ങൾ ഉണ്ട്. തൃശൂർ പൂരം, നെന്മാറ വല്ലങ്ങി വേല, ആറാട്ടുപുഴ പൂരം, ചെട്ടികുളങ്ങര ഭരണി, ഉത്രാളിക്കാവ് പൂരം, ചെനക്കത്തൂർ പൂരം എന്നിവ അതിൽ ചിലതുമാത്രമാണ്. ഇതിലെ ഏറ്റവും പ്രധാനം ഭൂമിയിലെ ഏറ്റവും വലിയ ദൃശ്യവിരുന്നായി കണക്കാക്കുന്ന കേരളത്തിന്റെ തന്നെ സാംസ്കാരിക തലസ്ഥാനമായ തൃശൂരിൽ വെച്ചുനടക്കുന്ന തൃശൂർപൂരം തന്നെയാണ്.

തൃശൂർപൂരം: എല്ലാ പൂരങ്ങളുടെയും പൂരം എന്നറിയപ്പെടുന്ന ലോകപ്രശസ്തമായ തൃശൂർപൂരത്തെ കേരളത്തിലെ ഉത്സവങ്ങളുടെ ഒരു പരിച്ഛേദമായിത്തന്നെ കണക്കാക്കാവുന്നതുകൊണ്ട് ഈ പൂരത്തെക്കുറിച്ച് ഒരു ലഘുവിവരണം നല്കാതിരിക്കാനാവില്ല. കേരളത്തിലെ ഏറ്റവും മനോഹരമായ ക്ഷേത്രോത്സവങ്ങളിൽ ഒന്നാണ് തൃശൂർപൂരം. ഏപ്രിൽ/മെയ് മാസങ്ങളിൽ തൃശൂരിലെ വടക്കുംനാഥൻ ക്ഷേത്രപരിസരത്താണ് ഇത് ആഘോഷിക്കുന്നത്. തിരുവമ്പാടി ശ്രീകൃഷ്ണ ക്ഷേത്രത്തിന്റെയും പാറമേക്കാവ് ഭഗവതി ക്ഷേത്രത്തിന്റെയും നേതൃത്വത്തലുള്ള രണ്ട് ക്ഷേത്രങ്ങൾ തമ്മിലുള്ള സൗഹൃദ മത്സരം കൂടിയാണ് തൃശൂർപൂരം.

പങ്കെടുക്കുന്ന ക്ഷേത്രങ്ങളിലെ ദേവതകളെ വർണാഭമായ ഘോഷയാത്രകളോടെയാണ് പൂരം മൈതാനത്തേക്ക് ആനയിക്കുന്നത്. ഓരോഗ്രൂപ്പിലും പതിനഞ്ചോ അതിലധികമോ ആനകൾ, സ്വർണ്ണ ശിരോവസ്ത്രവും ആഭരണങ്ങളും കൊണ്ട് ഗംഭീരമായി അലങ്കരിച്ചിരിക്കുന്നു. താളാത്മകമായ താളവാദ്യമേളങ്ങളാൽ പ്രതിധ്വനിക്കുന്ന ആകർഷകമായ അന്തരീക്ഷത്തിൽ മുഖാമുഖം അണിനിരക്കുന്നു. പൂരം ഉത്സവത്തിന്റെ പ്രധാന താളവാദ്യ സംഘങ്ങളായി അംഗീകരിക്കപ്പെട്ട പ്രസിദ്ധമായ "മഠത്തിൽ വരവ് " (പഞ്ചവാദ്യം) "ഇലഞ്ഞിത്തറ മേളം" (പാണ്ടിമേളം) എന്നീ വാദ്യമേളങ്ങളിൽ ഇരുനൂറ്റമ്പതിലധികം പ്രമുഖ വാദ്യോപകരണങ്ങൾ പങ്കെടുക്കുന്നു. ആനപ്പുറത്ത് ആളുകൾ ചെറിയ ഇടവേളകളിൽ നടത്തുന്ന വർണ്ണാഭമായ പരമ്പരാഗത കുടമാറ്റം ചടങ്ങ് കാണേണ്ട മനോഹരമായ കാഴ്ച തന്നെയാണ്. പടക്കങ്ങളുടെ അകമ്പടിയോടെ നടക്കുന്ന അതിമനോഹരമായ കരിമരുന്നു പ്രയോഗം കാഴ്ചക്കാരെ

മതിമയക്കുന്ന വിസ്മയ ലോകത്തേക്ക് കൂട്ടിക്കൊണ്ടുപോകും. മുപ്പത്തിയാറ് മണിക്കൂർ നീണ്ടുനിൽക്കുന്ന ആഘോഷങ്ങൾ ജീവിതത്തിലൊരിക്കലും മറക്കാനാവാത്ത സന്തോഷകരമായ നിമിഷങ്ങൾ കൊണ്ടുവരും. ഭൂമിയിലെ ഈ മനോഹരമായ ദൃശ്യവിരുന്ന് കാണാനും കേരളത്തിലെ ഏറ്റവും വർണ്ണാഭമായ ക്ഷേത്രോത്സവങ്ങളിൽ ഒന്നാക്കി മാറ്റാനും ദേശത്തിന്റെ നാനാഭാഗത്തുനിന്നും ദശലക്ഷക്കണക്കിന് ആളുകൾ തൃശ്ശൂരിലെത്തുന്നു.

കേരളത്തിന്റെ അതിസമ്പന്നമായ ക്ഷേത്രകലകളെയും സാംസ്കാരിക പൈതൃകത്തെയും ഉയർത്തിക്കാട്ടുകയും ലോകമെമ്പാടുമുള്ള ആയിരക്കണക്കിന് ഭക്തരെയും കാണികളെയും ആകർഷിക്കുകയും ചെയ്യുന്ന ഒരു സാംസ്കാരിക മഹോത്സവം തന്നെയാണ് തൃശ്ശൂർ പൂരം.

കേരളത്തിലെ വിവിധ പ്രദേശങ്ങളിൽ നടക്കുന്ന ഇത്തരത്തിൽപെട്ട ക്ഷേത്രോത്സവങ്ങൾ സാധാരണയായി ആനകളുടെ ഗംഭീരമായ നിര, അല്ലെങ്കിൽ ദൈവീക കഥാപാത്രങ്ങളുടെ ഭീമാകാരമായ പ്രതിമകൾ, മോഹിപ്പിക്കുന്ന താളവാദ്യ മേളങ്ങൾ പരമ്പരാഗത കലാരൂപങ്ങൾ, കരിമരുന്നു പ്രയോഗങ്ങൾ എന്നിവയോടെ ആഘോഷിക്കപ്പെടുന്നു. ഈ ഉത്സവങ്ങൾ പൂരം, വേല, ഭരണി, ആറാട്ട്, ഉത്സവം എന്നിങ്ങനെ വ്യത്യസ്ത പേരുകളിലും അറിയപ്പെടുന്നു.

## ക്ഷേത്രോത്സവങ്ങളുടെ പ്രാധാന്യം

ഉത്സവങ്ങൾ വൈവിധ്യമാർന്ന പശ്ചാത്തലങ്ങളിൽ നിന്നുള്ള ആളുകളെ ഒരുമിച്ച് കൊണ്ടുവരുന്നു, അവർക്ക് ഹിന്ദുമതത്തിന്റെ സമ്പന്നമായ പാരമ്പര്യങ്ങളിലും ആചാരങ്ങളിലും മുഴുകാൻ അവസരമൊരുക്കുന്നു. ആഘോഷങ്ങൾ ആത്മീയത, സംസ്കാരം, സമൂഹം എന്നിവയുടെ സമ്പൂർണ്ണ സമ്മിശ്രമാണ്. ഭക്തർക്കിടയിൽ ജാതീയപരമായ വേർതിരിവുകളില്ലാതെ അഖണ്ഡതയും ഐക്യവും വളർത്തുന്നു, ഊട്ടിയുറപ്പിക്കുന്നു, ചുട്ടുപൊള്ളുന്ന വേനൽക്കാലത്ത് നടത്തുന്ന പൂരാഘോഷങ്ങളിലും മറ്റും വലിയ സമുദ്രത്തിൽ സ്വത്വം മറന്ന തിരമാലകൾപോലെ പരമാനന്ദത്തിൽ മുഴുകി ആർത്തലച്ച് ഒഴുകിയെത്തുന്ന ജനസഞ്ചയങ്ങൾ ഇക്കാര്യത്തിന് ഉത്തമ ദൃഷ്ടാന്തമാണ്.

## ഉപസംഹാരം

നിരവധി സ്വർഗ്ഗീയ നയന മനോഹരങ്ങളായ പ്രകൃതി സൗന്ദര്യത്തിനുപുറമെ, ക്ഷേത്രങ്ങൾക്കും ഉത്സവങ്ങൾക്കും കേരളം പ്രസിദ്ധമാണ്. കേരളത്തിലെ മിക്കവാറും എല്ലാ ഗ്രാമങ്ങളിലും ആളുകളുടെ ആത്മീയദാഹവും സാംസ്കാരികദാഹവും ശമിപ്പിക്കാൻ ഒരു ക്ഷേത്രമുണ്ട്. ഈ ക്ഷേത്രങ്ങളിൽ മിക്കവയും വർഷത്തിൽ ഒരു പ്രാവശ്യമെങ്കിലും വർണ്ണാഭമായ ഉത്സവങ്ങൾ കെങ്കേമമായി നടത്തുകയും ചെയ്യുന്നു.

കേരളം അതിന്റെ പൈതൃകം, സംസ്കാരം, കലാരൂപങ്ങൾ എന്നിവയാൽ സമ്പന്നമാണ്. കേരളത്തിലെ എല്ലാ കലാരൂപങ്ങളും മനോഹരങ്ങളുമാണ്. ദ്രാവിഡ സംസ്കാരവും ഭാരതീയ സംസ്കാരവും ഇഴകലർന്നതാണ് കേരള സംസ്കാരം. കേരളത്തിലെ ക്ഷേത്രങ്ങൾ സംസ്ഥാനത്തിന്റെ അതിസമ്പന്നമായ പൈതൃകത്തെയും സംസ്കാരത്തെയും കലകളെയും പ്രതിനിധീകരിക്കുകയും ഒപ്പം അവയെ പ്രതിബിംബിപ്പിക്കുകയും ചെയ്യുന്നു. ക്ഷേത്രോത്സവങ്ങളാകട്ടെ കാലത്തിന്റ കുത്തൊഴിക്കിൽപെട്ട് ഒഴുകിപ്പോകാതെ, ക്ഷേത്രകലകളെയും സംസ്കാരങ്ങളെയും മായാതെ മറയാതെ സംരക്ഷിച്ച് അവയെ പൂർവ്വാധികം പ്രോജ്ജ്വലിപ്പിച്ച് നിർത്തുന്നു. ജാതി–മത ഭേദമന്യേ ആയിരക്കണക്കിന് ആളുകൾ പൂർണ്ണചൈതന്യത്തോടും ആവേശത്തോടുംകൂടെ ഉത്സവങ്ങളിൽ പങ്കെടുക്കുകയും മറ്റേതൊരു അവസരത്തിൽനിന്നും അപൂർവ്വമായി മാത്രം ലഭ്യമാവുന്ന കലാ–സാംസ്കാരിക നിമിഷങ്ങൾ യഥേഷ്ടം ആസ്വദിക്കകയും അനുഭവിക്കുകയും സ്വാംശീകരിക്കുകയും ചെയ്യുന്നു.

# മധുരം അതിമധുരം

നീലക്കാർമുകിൽവർണ്ണാ, കണ്ണാ
നീലാംബുജ നയനാ
ചൂടിച്ചോട്ടേ നിൻ തിരുമുടിയിൽ
കനകാംബരമാല?
ഞാനീ കനകാംബരമാല

ചന്ദ്രക്കലപോൽ ചന്തമെഴും നിൻ
വാർനെറ്റിത്തട്ടിൽ
ചാർത്തിച്ചോട്ടേ ചാരുതയേറും
കസ്തൂരീതിലകം?
ഞാനീ കസ്തൂരിതിലകം?
ചെഞ്ചുണ്ടിണയിൽ പാലൊളി വിതറും
നിൻ ചെറുദന്തങ്ങൾ
കാണണമെന്നും കാറൊളിവർണ്ണാ
കരളിൽ മിഴിവോടെ, എൻ
കരളിൽ മിഴിവോടെ.

താളത്തിൽ നിൻ കവിളിൽത്തട്ടും
മണികുണ്ഡലമഴകിൽ
മിന്നും കൗസ്തുഭ മണിയും ഗളതല–
മടിയൻകൂപ്പുന്നേൻ, ഇന്നീ–
യടിയൻ കൂപ്പുന്നേൻ.

ശ്രീവത്സാങ്കിതമാം തിരുമാറിൽ
മരതക മണിമാല
പൊൻമണിയരമണി നൂപുരനാദം
മധുരം അതിമധുരം, ഈ
മധുരം അതിമധുരം.



കെ പി ശ്രീദേവി അന്തർജനം